(സി) ഇതിൽ എത്ര രൂപയുടെ എത്ര റോഡുകളാണ് ടെണ്ടർ ചെയ്തിട്ടുള്ളത് എന്നും എത്ര റോഡുകൾ എത്ര രൂപക്കാണ് കൺവീനർ വർക്കായി നൽകിയിട്ടുള്ളത് എന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) തവനൂർ പഞ്ചായത്തിൽ നിലവിലുള്ള ഭരണസമിതി വന്നതിനുശേഷം 269 റോഡുകൾക്കായി 5,92,87,107 രൂപ (അഞ്ച് കോടി തൊണ്ണൂറ്റി രണ്ട് ലക്ഷത്തി എൺപത്തിയേഴായിരത്തി ഒരു നൂറ്റി ഏഴ് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്.

(സി) വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

പ്രശാന്തി ഗാർഡൻസ് മോഡൽ ക്രിമിറ്റോറിയം

212 (3189) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും, സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ ഉള്ള്യേരി ഗ്രാമപഞ്ചായത്തിൽ പ്രശാന്തി ഗാർഡൻസ് മോഡൽ ക്രിമിറ്റോറിയം നിർമ്മിക്കുന്നത് സംബന്ധിച്ച ശിപാർശകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതുസംബന്ധിച്ച തുടർനടപടികളുടെ പുരോഗതി അറിയിക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എം.എസ്. സ്പേയ്സ് ആർട്ട്, പാച്ചാക്കിൽ കോഴിക്കോട് സമർപ്പിച്ച ഡിസൈൻ കൺസപ്റ്റ് അടിസ്ഥാനമാക്കി പ്രശാന്തി ഗാർഡൻസ് മോഡൽ ക്രിമിറ്റോറിയത്തിന്റെ സ്കെച്ചറൽ ഡിസൈനും ഡീറ്റെയ്ൽഡ് പ്ലാൻ എസ്റ്റിമേറ്റും ലഭ്യമാക്കുന്നതിന് 10-3-2015-ന് എം.എസ്. സ്പേയ്സ് ആർട്ട്, പാച്ചാക്കിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർദ്ദേശം നൽകിയിട്ടുണ്ട്.

പഞ്ചായത്തുകൾക്ക് നൽകിയ ലോകബാങ്ക് ഫണ്ട്

213 (3190) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും, സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലയളവിൽ സംസ്ഥാനത്തെ പഞ്ചായത്തുകൾക്ക് ലോകബാങ്ക് സർക്കാർ മുഖേന നൽകിയ ഫണ്ടിന്റെ കണക്ക് വെളിപ്പെടുത്തുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly